# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# ഉള്ളടക്കം


* ആമുഖം
* ലക്ഷ്യങ്ങൾ
* വിദ്യാലയത്തിന്റെ ലഘുചരിത്രം
* സാമൂഹിക പശ്ചാത്തലം
* പദ്ധതി രൂപീകരണ പ്രക്രിയ
* നിലവിലെ അവസ്ഥ
* അടിസ്ഥാന സൗകര്യങ്ങൾ
* നേതൃത്വവും ചുമതലയും
* കുട്ടികൾ
* ശക്തി
* പരിമിതികൾ
* മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
* പദ്ധതി വിശദാംശങ്ങൾ
* മേഖല
* ഉപമേഖല
* ലക്ഷ്യം
* കാലയളവ്
* ചുമതല
* ഉപസംഹാരം
* സ്കെച്ച്

# ആമുഖം

വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡ് പൊരുന്നന്നൂർ വില്ലേജിൽ പീച്ചംകോട് ഗ്രാമത്തിൽ 1998 June 5ന് നമ്മുടെ വിദ്യാലയം നിലവിൽ വന്നു. നമ്മുടെ ഈ പ്രദേശത്തിന്റെ നാട്ടുകാരുടെ ചിരകാല സ്വപ്നത്തിന്റെ സാക്ഷാത്കാരമാണ് ഈ വിദ്യാലയം. ഈ വിദ്യാലയത്തിന്റെ അനുദിന വളർച്ചയിൽ ഇവിടുത്തെ സ്നേഹനിധികളായ രക്ഷിതാക്കളും കർമ്മകുശലരായ PTA സാരഥികളും കാലാകാലങ്ങളിൽ വഹിച്ച പങ്ക് നിസ്തുലമാണ്.

## ലക്ഷ്യങ്ങൾ

* ഓരോ ക്ലാസിലും ഓരോ വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കുക.
* ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
* കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും, ഭൗതികസാഹചര്യങ്ങളും ഒരുക്കികൊടുക്കുക.
* ഓരോ വിഷയവുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നതിന് അധ്യാപകർക്ക് പരിശീലനങ്ങൾ നൽകുക.
* ഐസിടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
* ഗവേഷണാത്മക അധ്യാപനത്തിനും, ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
* പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
* വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
* മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പഠനത്തിലെ പരീക്ഷണങ്ങളും, സ്വായത്തമാക്കാൻ ഉതകുംവിധം ലാബുകൾ സജ്ജമാക്കുക.
* ലാബ് പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രൊജക്റ്റുകൾ

തുടങ്ങിയ വൈവിധ്യമാർന്ന പഠനങ്ങൾ പ്രോത്സാ-
ഹിപ്പിക്കുക.

* പുതിയതലമുറകൾക്ക് കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റി അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.
* പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക
* ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക.
* ലൈബ്രറി ശാക്തീകരണം നടപ്പിൽ വരുത്തുക.
* മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധമാർഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.

## പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ:

* എസ് ആർ ജി യോഗത്തിൽ പിരപ്പൻകോട് സ്കൂൾ വിഷൻ 2030 എന്ന വികസനകാഴ്ചപ്പാട് അവതരിപ്പിക്കുകയും ചർച്ചയും.
* വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം/അക്കാദമികം/സാമൂഹികം എന്നിങ്ങനെ തരംതിരിച്ച് കരട്‌രൂപരേഖ തയ്യാറാക്കൽ.
* കരട് രൂപരേഖ SRG, SMC, PTA, MPTA രാഷ്ട്രീയസംഘടന പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവർ അടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
* ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
* പിടിഎ യുടെ നേതൃത്വത്തിൽ ക്രോഡീകരണ പദ്ധതി രേഖ തയ്യാറാക്കൽ.

# നിലവിലെ അവസ്ഥ/വിവരങ്ങൾ

വിദ്യാലയം ഉടമസ്ഥത : ഗവൺമെന്റ്

ക്ലാസുകൾ : പ്രീ പ്രൈമറി മുതൽ 4 വരെ

സ്ഥലം : 98 സെന്റ്

ലൊക്കാലിറ്റി : വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് പൊരുന്നന്നൂർ വില്ലേജ് 9-10 വാർഡ്

പ്രധാനാധ്യാപിക : ശ്രീമതി ഷീനു ജോസ്

പിടിഎ/SMC/പ്രസിഡന്റ് :

അധ്യാപകർ : 6

## ഇംഗ്ലീഷ് കോർണർ:

ഇംഗ്ലീഷുമായി ബന്ധപ്പെടുത്തി കുട്ടികൾ നിർമ്മിക്കുന്ന വർക്ക്ഷീറ്റുകൾ, പതിപ്പുകൾ, പസിലുകൾ, പദകാർഡുകൾ എന്നിവ കുട്ടികൾ കോർണറിൽ സൂക്ഷിക്കുന്നു. ആവശ്യസന്ദർഭത്തിൽ അവ ഉപയോഗപ്പെടുത്തുന്നു. വായിക്കാനും, എഴുതാനും അവസരം നൽകുന്നു.

**English Tree:** കുട്ടികൾ പഠിക്കുന്ന പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് അതിലുള്ള വാക്യങ്ങളും വാക്കുകളും ചിത്രങ്ങളും classroom-ൽ സജ്ജീകരിച്ച Tree-യിൽ പ്രദർശിപ്പിക്കുന്നു. ഓരോ യൂണിറ്റ് മാറുമ്പോഴും അതിനനുസരിച്ച് മാറ്റങ്ങൾ വരുത്തുന്നു.

**Sweety English:**

ഇംഗ്ലീഷ് ഭാഷ ആത്മവിശ്വാസത്തോടെയും ലളിതമായും കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയും, എല്ലാ കുട്ടികൾക്കും, ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തുകയാണ് ഈ നൂതന പ്രവർത്തന പദ്ധതിയായ Sweety English ലൂടെ ഉദ്ദേശിക്കുന്നത്.

ആസ്വാദ്യകരമായതും കൂടുതൽ രസകരമായതുമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികൾക്ക്

വർക്ക്ഷീറ്റുകൾ നൽകിയും ക്വിസ്സിലൂടെയും ICT സാധ്യതകൾ ഉൾപ്പെടുത്തിയും പ്രവർത്തനങ്ങൾ നൽകുന്നു.

ഇംഗ്ലീഷ് മാഗസിൻ: കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി ഇംഗ്ലീഷ് മാഗസിൻ തയ്യാറാക്കാൻ അവസരം നൽകുന്നു.

Spoken English Class: ആഴ്ചയിൽ 3 ദിവസം കുട്ടികൾക്ക് Spoken English Class കൾ നൽകുന്നു.

ഉപമേഖല : മലയാളം.

പ്രവർത്തനങ്ങൾ:

പുസ്തക പരിചയം:

ലക്ഷ്യം : വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക. വായിച്ച പുസ്തകങ്ങളെ അടിസ്ഥാനപ്പെടുത്തി വായനാക്കുറിപ്പുകൾ തയ്യാറാക്കുക.

പ്രവർത്തനങ്ങൾ:

കുട്ടികൾക്ക് അവരുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. വായനാക്കുറിപ്പുകൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വർഷാവസാനം വായനാക്കുറിപ്പ് തയ്യാറാക്കുന്നതിന്റെയും അറിവിന്റെ അടിസ്ഥാനത്തിലും ഏറ്റവും മികച്ച വിദ്യാർത്ഥിക്ക് 'പുസ്തകശ്രീ' അവാർഡ് നൽകുന്നു.

കാലം: ആഴ്ചയിൽ ഒരു ദിവസം

ചുമതല: ക്ലാസ്ടീച്ചർ.

## ഉപമേഖല: ഗണിതം

ലക്ഷ്യം: ഗണിതം ആസ്വദിക്കാൻ കഴിയുന്നതരത്തിലേക്ക് കുട്ടിക(ളെ) പ്രവർത്തനങ്ങൾ വളർത്തുക.

ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതരീതികൾ ഉപയോഗപ്പെടുത്തുക.

പ്രവർത്തനങ്ങൾ :- വിവരസാങ്കേതിക വിദ്യയെ ഗണിത പഠനവുമായി ബന്ധിപ്പിക്കൽ, വേദിക് [illegible]വുകൾ പരിചയപ്പെടൽ, ഗണിതപ്പാട്ട്, കണക്കിലെ കളികൾ, ഗണിതരൂപങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങളിൽ ഏർപ്പെടൽ. ഗണിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങളിൽ ഏർപ്പെടാൻ കൂടുതൽ അവസരം നൽകൽ.

ചുമതല: ക്ലാസ്ടീച്ചർ
കാലയളവ്: 1 വർഷം.

### ഗണിതപ്പൂക്കളം:

ലക്ഷ്യം: ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ

പ്രവർത്തനങ്ങൾ: ജ്യാമിതീയ രൂപങ്ങൾ ഉൾപ്പെടുത്തി ഗണിതപ്പൂക്കള മത്സരം നടത്തുന്നു.

കാലയളവ്: ഓരോ ടേമിലും
ചുമതല: ക്ലാസ്ടീച്ചർ

പ്രവർത്തനം: ഗണിതക്വിസ്, ഗണിതമാഗസിൻ

ലക്ഷ്യം: ഗണിതത്തിലെ അടിസ്ഥാനശേഷികൾ വികസിപ്പിക്കൽ

ക്വിസ് മത്സരം, ഗണിത മാഗസിൻ
കാലയളവ്: ഓരോ ടേമിലും.
ചുമതല: ക്ലാസ്ടീച്ചർ

ഗണിതകോർണർ:

ഗണിതത്തിലെ അടിസ്ഥാന ശേഷികൾ നേടുന്നതിന് ആവശ്യമായ സാമഗ്രികൾ ഓരോ ക്ലാസ് മുറിയിലും സജ്ജീകരിക്കുകയും അവ ആവശ്യസന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

കാലയളവ്: പ്രതിമാസം

ചുമതല: ക്ലാസ് ടീച്ചർ.

## ഉപമേഖല - ശാസ്ത്രപഠനം

പ്രവർത്തനം: ശാസ്ത്രമേള

ലക്ഷ്യം: ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസിലാക്കുക.

പ്രവർത്തനങ്ങൾ: സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം

കാലം: അധ്യയനവർഷത്തിൽ ഒന്ന്

ചുമതല: സയൻസ് ക്ലബ്

പ്രവർത്തനം 2 ശാസ്ത്ര മാജിക്

ലക്ഷ്യം: കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക.

ശാസ്ത്രതത്വങ്ങൾ എളുപ്പത്തിൽ മനസിലാക്കാൻ ഉപകരിക്കുന്ന രസകരമായ ലഘുപരീക്ഷണങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു.

കാലം: പ്രതിമാസം ചുമതല: Class teacher

# ക്ലബ് പ്രവർത്തനങ്ങൾ:

## സയൻസ് ക്ലബ്:

സയൻസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ക്ലബ് അംഗങ്ങൾ ഓരോ അസംബ്ലിയിലും അവതരിപ്പിക്കുന്നു. മറ്റ് കുട്ടികൾ കൃത്യമായി നോട്ട്ബുക്കിൽ രേഖപ്പെടുത്തുന്നു. ദിനാചരണങ്ങളിൽ ക്ലബ് പ്രവർത്തനങ്ങൾ സജീവമായി നടത്തുന്നു. ഓരോ ക്ലാസിലും സയൻസ് കോർണർ ഒരുക്കുന്നു.

## ഗണിതക്ലബ്:

ഗണിതവുമായി ബന്ധപ്പെട്ട പ്രായോഗികപ്രശ്നങ്ങളും, കുസൃതി ചോദ്യങ്ങളും ഗണിത പെട്ടിയിൽ ക്ലബ് അംഗങ്ങൾ എഴുതിയിടുകയും, മറ്റ് വിദ്യാർത്ഥികൾ ഉത്തരം കണ്ടെത്തി മറ്റൊരു പെട്ടിയിൽ നിക്ഷേപിക്കുന്നു. ഗണിത കോർണർ ഓരോ ക്ലാസിലും നിർമിക്കുന്നു.

## പരിസ്ഥിതിക്ലബ്

പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് അവബോധം നൽകുക എന്ന ലക്ഷ്യത്തോടെ പരിസ്ഥിതിക്ലബ് രൂപീകരിക്കുന്നു. പരിസ്ഥിതിക്ലബിന്റെ നേതൃത്വത്തിൽ പല പ്രവർത്തനങ്ങളും ചെയ്യുന്നു. പരിസരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ മറ്റ്വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

## മേഖല- ഭൗതികം

പ്രവർത്തനം: ഹൈ-ടെക് ക്ലാസ്മുറികൾ

മേഖല : ഭൗതികം.

ലക്ഷ്യം : ICT സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികളിൽ താത്പര്യവും, കൗതുകവും വളർത്തി വിവിധ ക്ലാസുകളിൽ രൂപപ്പെടേണ്ട ആശയം, ധാരണ എവ അനായാസം നേടിയെടുത്തുകൊണ്ട് അക്കാദമിക നിലവാരം ഉയർത്തുക.

പ്രവർത്തനങ്ങൾ : ഓരോ ക്ലാസ്മുറികളിലും, കമ്പ്യൂട്ടർ LCD Projector, LCD സ്ക്രീൻ എന്നിവ സ്ഥാപിക്കുക. ഇതിനെപ്പറ്റിയിലെ പ്രവർത്തനങ്ങൾക്ക് പുറമെ ICT യുമായി ബന്ധപ്പെട്ട് മറ്റു പ്രവർത്തനങ്ങളുടെ സാധ്യതകൾ കണ്ടെത്തുക.

കാലയളവ് : 2 വർഷം

ചുമതല : SRG, LSGD

പ്രവർത്തനം : ഡൈനിംഗ് ഹാൾ നിർമ്മാണം.

മേഖല : ഭൗതികം.

ലക്ഷ്യം : ശുചിത്വം + ആരോഗ്യം + പഠനം

പ്രവർത്തനങ്ങൾ : സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ

# ഉപസംഹാരം

അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നി രൂപീകരിക്കപ്പെട്ട അക്കാദമിക മാസ്റ്റർപ്ലാൻ വിദ്യാലയത്തിന്റെ ഫലപ്രാപ്തിയും സമഗ്ര ഗുണമേന്മ വിദ്യാലയ വികസനത്തിനും ഉതകുന്ന രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. നമ്മുടെ വിദ്യാലയം അക്കാദമിക തലത്തിൽ ഏത് നിലവാരത്തിലേക്ക് ഉയരണമെന്നും അതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കണമെന്നും അക്കാദമിക മാസ്റ്റർപ്ലാനിൽ വിവരിക്കുന്നു.

വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും, അറിവിനെയും, കഴിവിനെയും, താത്പര്യത്തെയും ഉൾക്കൊള്ളിക്കുന്നതും, മുന്നോട്ട് നയിക്കാൻ വഴികാട്ടുന്നതുമായ മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ശ്രമം നടത്തിയിട്ടുണ്ട്.

എല്ലാ അർത്ഥത്തിലും മികവിന്റെ കേന്ദ്രമായി വിദ്യാലയത്തെ മാറ്റാൻ അർത്ഥപൂർണ്ണമായ ഇടപെടലുകൾ ആവശ്യമാണെന്ന തിരിച്ചറിവിൽ സമൂഹത്തിലെ വിവിധ മേഖലകളിൽ ഉൾപ്പെട്ടവരുടെ സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചു കൊണ്ട് നിങ്ങളുടെ സമക്ഷം സമർപ്പിക്കുന്നു.

പ്രവർത്തനം: പുസ്തക സമാഹരണം

മേഖല: സാമൂഹികം

ലക്ഷ്യം: സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ

പ്രവർത്തനങ്ങൾ: അധ്യാപകരും കുട്ടികളും ചേർന്ന് സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് പുസ്തകങ്ങൾ ശേഖരിക്കൽ, പിറന്നാൾ ദിനത്തിൽ വിദ്യാലയത്തിലേക്ക് ഒരു പുസ്തകം.

കാലയളവ്: വർഷത്തിൽ ഒരു പ്രാവശ്യം

ചുമതല: SRG

പ്രവർത്തനം: സ്കൂൾ പ്രവർത്തന കലണ്ടർ

മേഖല: സാമൂഹികം

ലക്ഷ്യം: സ്കൂൾ മികവുകൾ സാമൂഹികമായി പങ്കുവെയ്ക്കൽ

വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക പ്രവർത്തനങ്ങളും, സാധാരണ കലണ്ടറും ചേർത്ത് വച്ച് കലണ്ടർ നിർമ്മിക്കുന്നു.

ചുമതല: SRG, PTA

പ്രവർത്തനം: പ്രീ പ്രൈമറി കെട്ടിടം
മേഖല: ഭൗതികം
ലക്ഷ്യം: പ്രീ പ്രൈമറി വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ
പ്രവർത്തനങ്ങൾ: ആകർഷകമാകുംവിധത്തിൽ പ്രീപ്രൈമറി ക്ലാസ് മുറികളുടെ നിർമ്മാണം
ചുമതല: PTA, LSGD
കാലയളവ്: 2 വർഷം

പ്രവർത്തനം: ശൗചാലയ സമുച്ചയം
മേഖല: ഭൗതികം
ലക്ഷ്യം: ശുചിത്വം, അടിസ്ഥാന സൗകര്യം ഉറപ്പാക്കൽ
സൗകര്യപ്രദമായ സ്ഥലത്ത് ശൗചാലയ സമുച്ചയം നിർമ്മിക്കൽ
കാലയളവ്: 2 വർഷം
ചുമതല: PTA LSGD

മേഖല: സാമൂഹികം
പ്രവർത്തനം: പ്രാദേശിക PTA യോഗങ്ങൾ
ലക്ഷ്യം: സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ
പ്രവർത്തനങ്ങൾ: വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് PTA യോഗങ്ങൾ ചേരുക.
കാലയളവ്: വർഷത്തിൽ 1
ചുമതല: SSG SRG

പ്രവർത്തനം: ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനുവിന്റെ അടിസ്ഥാനത്തിൽ പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ. കൂടാതെ ഇലക്കറികളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂളിൽ നട്ടുവളർത്തിയതും, കുട്ടികളും അധ്യാപകരും, വീടുകളിൽ നിന്ന് ശേഖരിച്ച ചീര, താള, തഴുതാമ, പൊന്നാങ്കണ്ണി തുടങ്ങിയവയുടെ ഇലകൾ ശേഖരിച്ച് ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

ചുമതല: [ഉച്ചഭക്ഷണ ചുമതലയുള്ള അധ്യാപിക, HM
PTA, STAFF]

കാലയളവ്: ആഴ്ചയിൽ ഒന്ന്.

അമ്മ വായന:

കുട്ടികളുടെയും, രക്ഷിതാക്കളുടെയും, വായനാശീലം വളർത്തുന്നതിനായി ആഴ്ചയിൽ ഒരു ദിവസം, അമ്മമാർക്ക് പുസ്തകം വിതരണം ചെയ്യുന്നു. വിശേഷ ദിനാചരണങ്ങളോടനുബന്ധിച്ച് രക്ഷിതാക്കൾക്ക് ക്വിസ്മത്സരം സംഘടിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു.

വൃക്ഷ വത്കരണം

മേഖല: അക്കാദമികം

ലക്ഷ്യം: പരിസ്ഥിതി പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക

പരിസ്ഥിതി പ്രവർത്തനങ്ങളിൽ തങ്ങളുടെ പങ്ക് തിരിച്ചറിയാൻ കുട്ടികൾക്ക് അവസരമൊരുക്കുക.

പരിസ്ഥിതി പ്രവർത്തനങ്ങളിൽ വിദ്യാലയം സമൂഹത്തിന് മാതൃക

## പാഠ്യേതര പ്രവർത്തനങ്ങൾ

പ്രവർത്തനം: മൺമറഞ്ഞ ആഹാരം

മേഖല: അക്കാദമികം

ലക്ഷ്യം: കേരളീയരുടെ പ്രാചീന പാനീയങ്ങൾ പലഹാരങ്ങൾ, ആഹാരസാധനങ്ങൾ എന്നിവയുടെ വിവരങ്ങൾ മുതിർന്നവരിൽ നിന്ന് ചോദിച്ചറിയുക. ഓരോന്നും പാകം ചെയ്യുന്ന വിധം അതിൽ ചേർക്കുന്ന ചേരുവകൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ.

കാലയളവ്: വർഷത്തിൽ ഒരു പ്രാവശ്യം

ചുമതല: SRG / PTA

പ്രവർത്തനം 2: ഫാസ്റ്റ് ഫുഡ് - ഫാസ്റ്റ് ഡെത്ത്

മേഖല: അക്കാദമികം

ലക്ഷ്യം: ഫാസ്റ്റ് ഫുഡിന്റെ ഗുണദോഷങ്ങളെക്കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തൽ.

പ്രവർത്തനങ്ങൾ: കടയിൽ നിന്നും, ഫൈവ്സ്റ്റാർ ഹോട്ടലുകളിൽ നിന്നും നമ്മൾ വാങ്ങുന്നതും കഴിക്കുന്ന സാധനങ്ങളും വീട്ടിൽ ഉണ്ടാക്കുന്ന ഭക്ഷണസാധനങ്ങളും പട്ടികപ്പെടുത്തി, അതിന്റെ മാരകവിഷാംശങ്ങളെക്കുറിച്ച് തിരിച്ചറിയുന്നതിന് അവസരം നൽകുന്നു.

കാലയളവ്: വർഷത്തിൽ ഒന്ന്

ചുമതല: SRG

പ്രവർത്തനം 3: പോഷകാഹാര പരിപാടി

ലക്ഷ്യം: ആരോഗ്യമുള്ള ശരീരം പണ്ടത്തിനാവശ്യം.

ശുചിത്വക്ലബ്:

ശുചിത്വത്തെ കുറിച്ച് കുട്ടികളിൽ അവബോധം വളർത്തിയെടുക്കുന്നതിനും, വിദ്യാലയവും, വീടും, പരിസരവും എങ്ങനെ ശുചീകരിക്കാം എന്ന ലക്ഷ്യവും ഉൾക്കൊള്ളുന്നതിനുമായി ക്ലബ് രൂപീകരിക്കുന്നു. ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനായി അവസരമൊരുക്കുന്നു.

ശാസ്ത്രക്വിസ്

ലക്ഷ്യം: ശാസ്ത്രാവബോധം വളർത്തുക.

പ്രവർത്തനങ്ങൾ: ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങൾ ഉൾപ്പെടുത്തി മുൻകൂട്ടി തയ്യാറാക്കിയ ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസ് തല ക്വിസ്മത്സരം നടത്തുന്നു. അതിനുശേഷം പ്രതിവാരക്വിസ് മെഗാക്വിസ് എന്നിവ നടത്തുന്നു.

കാലയളവ്: ആഴ്ചയിൽ ഒന്ന്

ചുമതല: ക്ലാസ് ടീച്ചർ

പ്രവർത്തനം: പഠനോപകരണ ശില്പശാല

രക്ഷിതാക്കളുടെയും, BRC യുടെയും, അധ്യാപകരുടെയും, സഹകരണത്തോടെ പഠനോപകരണ ശില്പശാല സംഘടിപ്പിക്കുന്നു. എല്ലാ വിഷയവുമായി ബന്ധപ്പെട്ട സാമഗ്രികൾ ശില്പശാലയിൽ നിർമിക്കുന്നു.

## ഉപമേഖല: അറബിക്

പ്രവർത്തനം: അറബിക് പ്രവർത്തനങ്ങൾ

ലക്ഷ്യം: എല്ലാകുട്ടികൾക്കും, അറബിഭാഷ എളുപ്പമായി വായിക്കാനും, എഴുതാനും സംസാരിക്കാനുമുള്ള ശേഷിവികസിപ്പിക്കൽ.

അറബിക് അസംബ്ലി 2 ആഴ്ചയിൽ ഒന്ന്

അറബിക് ക്വിസ് അറബിക് ഭാഷാദിനാചരണം മറ്റ് പ്രവർത്തനങ്ങൾ നടത്തുന്നു.

കാലയളവ്: ആവശ്യാനുസരണം. ചുമതല: അറബിക് ടീച്ചർ

## School Assembly:

കുട്ടികളുടെ സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും വായനയ്ക്ക് കൂടുതൽ അവസരങ്ങൾ കുട്ടികൾക്ക് നൽകികൊണ്ടും, വൈവിധ്യമാർന്ന പല പ്രവർത്തനങ്ങളിലൂടെയും, അസംബ്ലി മനോഹരമാകുന്നു. ഇംഗ്ലീഷ് അസംബ്ലി മാസത്തിൽ 3 തവണയും അറബിക് അസംബ്ലി 2 തവണയും നടത്തുന്നു.

## ക്ലാസ് ലൈബ്രറി രൂപീകരണം

**ലക്ഷ്യം:**

എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുക. വായനാനുഭവങ്ങൾ വിവിധരീതിയിൽ പങ്കിടുന്നതിന് അവസരം സൃഷ്ടിക്കുക. രചനാപരമായ കഴിവ് വളർത്തുക. പ്രാദേശികമായി വായനാസംഘങ്ങൾ രൂപപ്പെടുത്തുക.

**പ്രവർത്തനങ്ങൾ:**

June 19 വായനാദിനം മുതൽ പുസ്തക ശേഖരണം നടത്തി ക്ലാസ് ലൈബ്രറി രൂപീകരിക്കുന്നു. ക്ലാസ് നിലവാരം പഠനനേട്ടം എന്നിവ പരിഗണിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ, ജന്മദിനപുസ്തകം നൽകൽ. കുട്ടികളിൽ നിന്ന് തന്നെ ലൈബ്രേറിയനെ കണ്ടെത്തി കൂടുതൽ ലൈബ്രറി ശാക്തീകരണത്തിന് അവസരം നൽകുന്നു.

പത്രവായന:

ലക്ഷ്യം: ദൈനംദിന വാർത്തകൾ കുട്ടികളിലെത്തിക്കുക. ഒരു ദിവസം ദിന പത്രത്തിലെ പ്രധാന വാർത്തകൾ അസംബ്ലിയിൽ വായിക്കാൻ അവസരം. എല്ലാ കുട്ടികൾക്കും ലൈബ്രറിയിൽ നിന്ന് പത്രം ദിവസവും വായിക്കാൻ അവസരമൊരുക്കുന്നു.

കാലം: എല്ലാ മാസം : ചുമതല: Class teacher.

അക്ഷരപ്പെട്ടി, പദപ്പെട്ടി

ക്ലാസിൽ നടക്കുന്ന പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള അക്ഷരങ്ങളും, പദങ്ങളും കുട്ടികൾ സ്വയം ഉണ്ടാക്കി പെട്ടിയിൽ നിക്ഷേപിക്കുന്നു. ഓരോ അക്ഷരങ്ങൾക്കനുയോജ്യമായ വാക്കുകൾ കണ്ടെത്തുന്നു. എഴുതാനും വായിക്കുന്നതിനും അവസരം നൽകുന്നു.

ചുമതല: ക്ലാസ് ടീച്ചർ

കാലം: ആഴ്ചയിൽ 5 ദിവസം

ദിനാചരണങ്ങൾ:

ലക്ഷ്യം: വിവിധ ശേഷികളുടെ വികസനം.

പ്രവർത്തനങ്ങൾ:

ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നു.

ക്വിസ് മത്സരങ്ങൾ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്നു. കൂടാതെ വിവിധ മത്സരങ്ങൾ ഇതുമായി ബന്ധപ്പെടുത്തി സംഘടിപ്പിക്കുന്നു. വർഷാവസാനം മെഗാ ക്വിസ് നടത്തുന്നു.

## ഭൗതികം

സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

* ക്ലാസ് മുറികൾ Hi-tech രീതിയിൽ ക്രമീകരിക്കുക.
* ശിശുസൗഹൃദ ഇരിപ്പിടം
* Toilet സൗകര്യം ഉറപ്പാക്കുക.

## പദ്ധതി വിശദാംശങ്ങൾ:

മേഖല: അക്കാദമികം.

ഉപമേഖല: ഇംഗ്ലീഷ്.

പ്രവർത്തനങ്ങൾ: ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് കോർണർ, ഇംഗ്ലീഷ് ഡേ, സ്കിറ്റ് ഇംഗ്ലീഷ് ഇംഗ്ലീഷ് മാഗസിൻ, Spoken English class.

ലക്ഷ്യം: എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും, എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.

പ്രവർത്തനങ്ങൾ:

* ലഹരിവിരുദ്ധ പ്രതിജ്ഞ
* പോസ്റ്റർ നിർമ്മാണം
* ലഹരി വിരുദ്ധ സന്ദേശം
* ലഹരി വിരുദ്ധ റാലി
* ഫ്ലാഷ് മോബ്

കാലയളവ്: വർഷത്തിൽ ഒന്ന്

ചുമതല: SRG

പ്രവർത്തനം: ജൈവ പച്ചക്കറികൃഷി

മേഖല: അക്കാദമികം

ലക്ഷ്യം: പച്ചക്കറികൃഷിയിലൂടെ വിവിധഘട്ടങ്ങൾ മനസിലാക്കുക.

കൃഷിയോട് അഭിരുചി വളർത്തുക.

ഗണിതത്തിലെയും പരിസരപഠനത്തിലെയും പഠനങ്ങ ഉറപ്പിക്കുന്നതിന് കൃഷിസ്ഥലം സന്ദർശിക്കൽ (വയൽ) കുറിപ്പ് തയ്യാറാക്കൽ

കാലയളവ്: 6 മാസം

ചുമതല: SRG

സ്കൂൾ ഗ്രൗണ്ടിന് ചുറ്റും തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് സംരക്ഷിക്കുക.

കാലയളവ് – 1- 3 വർഷം

ചുമതല PTA HM and Staff

പഠനയാത്രകൾ

മേഖല : അക്കാദമികം

ലക്ഷ്യം : പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന്.

പ്രവർത്തനങ്ങൾ: സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേയ്ക്ക് നടത്തുന്ന പഠനയാത്രകൾ

കാലയളവ്: വർഷത്തിൽ ഒന്ന്

ചുമതല: SRG

ജൈവ വൈവിധ്യ പാർക്ക്

മേഖല : അക്കാദമികം

ലക്ഷ്യം: പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക.

സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.

കാലയളവ് : വർഷത്തിൽ 1

ചുമതല : SRG

ലഹരി വിമുക്ത ക്യാമ്പെയ്ൻ

മേഖല: അക്കാദമികം

ലക്ഷ്യം: ലഹരി എന്ന മാരകവിപത്തിന്റെ ദൂഷ്യവശങ്ങളെ കുറിച്ച് കുട്ടികളിലും സമൂഹത്തിലും അവബോധം വളർത്തി പോരാടുക.

സാമൂഹ്യ തിൻമക്കെതിരെ

* ശാ. കായിക പ്രവൃത്തി പരിചയമേള
* Class PTA സജീവമാക്കൽ
* പ്രീ പ്രൈമറിയും, ഒന്നാം ക്ലാസും ഒന്നാന്തരമാക്കൽ
* പച്ചക്കറിത്തോട്ട നിർമ്മാണം
* മെഡിക്കൽ ക്യാമ്പ്
* നിരന്തരവിലയിരുത്തൽ
* യൂണിറ്റ് മൂല്യനിർണയം
* ടേം മൂല്യനിർണയം.
* ദിനാചരണങ്ങൾ: പ്രധാനപ്പെട്ട ദിനാചരങ്ങൾ സ്കൂളിൽ, ആചരിക്കുക.
* സ്കൂൾ അസംബ്ലി വൈവിധ്യമാക്കൽ
* സ്കൂൾ പാർലമെന്റ് - തെരഞ്ഞെടുപ്പ്
* പ്രവൃത്തി പരിചയമേള
* പ്രതിവാര ക്വിസ്
* മെഗാ ക്വിസ്
* ക്ലാസ്റൂം പ്രവർത്തനങ്ങളിൽ ICT ഉപയോഗപ്പെടുത്തൽ
* LSS പരിശീലനം

## വിദ്യാലയ വികസനത്തിനായി, മികവിനായി ഏറ്റെടുത്ത് നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ.

ഒരു വിദ്യാലയത്തിന്റെ യഥാർത്ഥശക്തിയും ഊർജ്ജവും, പ്രസ്തുത വിദ്യാലയത്തിലെ കുട്ടികൾ നേടിയെടുക്കേണ്ട ശേഷികൾ തന്നെയാണ്. ഈ ശേഷികൾ ആർജ്ജിക്കുന്ന തരത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ അക്കാദമിക ഭൗതിക സാമൂഹിക തലങ്ങളിൽ ക്ലാസ് മുറികളിലും, പുറത്തും നടത്തേണ്ടതുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### അക്കാദമികം:

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം.
- ശാസ്ത്രപോഷണപരിപാടി
- വായനാ പരിപോഷണം.
- അറബിക് പ്രവർത്തനങ്ങൾ
- ലൈബ്രറി ശാക്തീകരണം
- ജൈവവൈവിധ്യ പാർക്ക്
- പഠനയാത്രകൾ

# പരിമിതികൾ

* വേണ്ടത്ര ക്ലാസ് മുറികളുടെ അഭാവം
* പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾ
* വീടുകളിലെ വൈദ്യുതിയില്ലാത്ത പഠനാന്തരീക്ഷം
* വീടുകളിലെ പഠനസാമഗ്രികളുടെ അപര്യാപ്തത
* പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ ശ്രദ്ധ പരിമിതമോ തീരെ കുറവോ ആണ്
* ലൈബ്രറി സൗകര്യം പരിമിതം
* ക്ലാസ് മുറികളിൽ പഠനോപകരണങ്ങൾ സൂക്ഷിക്കാൻ സൗകര്യമില്ലായ്മ
* കുട്ടികൾക്കുള്ള പാർക്ക്
* കമ്പ്യൂട്ടർ സൗകര്യം വേണ്ടത്രയില്ല
* ഓഡിറ്റോറിയം ഇല്ല
* ശിശുസൗഹൃദ ഫർണിച്ചറിന്റെ അഭാവം
* സ്റ്റാഫ്റൂം, ലൈബ്രറി റൂം, ഭോജനശാല എന്നിവയില്ല
* വായന, ലേഖനം, പിന്നോക്കമുള്ള കുട്ടികൾ ഉണ്ട്
* മഴക്കാലത്ത് കളിസ്ഥലം ഉപയോഗപ്രദമല്ല
* കമ്പ്യൂട്ടർ റൂം അപര്യാപ്തമാണ്

# ശക്തി

* ആകർഷമായ ക്ലാസ്മുറികൾ / പഠനാന്തരീക്ഷം
* കർമ്മനിരതരായ അർപ്പണബോധമുള്ള അധ്യാപകർ
* അച്ചടക്കമുള്ള കുട്ടികൾ
* സഹകരണ മനോഭാവമുള്ള രക്ഷിതാക്കൾ
* കുടിവെള്ള ലഭ്യത
* വൈദ്യുതി
* ഇന്റർനെറ്റ് സൗകര്യം
* അധ്യാപക വിദ്യാർത്ഥികളുടെ പരിശീലനം
* ശിശു സൗഹൃദ വിദ്യാലയം
* പരിസ്ഥിതി സൗഹൃദ വിദ്യാലയം
* SSA, ബ്ലോക്ക്, ഡിപ്പാർട്ട്മെന്റ് തല സന്ദർശനം
  മോണിറ്ററിംഗ്

# അടിസ്ഥാന സൗകര്യങ്ങൾ:

ഓഫീസ് കം സ്റ്റാഫ് റൂം : 1

ക്ലാസ് മുറികളുടെ എണ്ണം : 5

ടോയ്‌ലറ്റ് : 2

യൂറിനൽസ് : 2 യൂണിറ്റ്

കുടിവെള്ളം : കിണർ

കമ്പ്യൂട്ടർ / ഡെസ്ക്ടോപ്പ് : 1

ലാപ്‌ടോപ്പ് : 6

പ്രിന്റർ : 1

എൽ സി ഡി പ്രൊജക്ടർ : 2

കളിസ്ഥലം / പാചകപ്പുര

ഗ്യാസ് കണക്ഷൻ : 1